(ഡി)&(ഇ) നടപടി സ്വീകരിച്ചുവരുന്നു. പാട്ടത്തുക അടയ്ക്കാതിരിക്കുന്ന കേസ്സുകളിൽ റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുന്നതിനുള്ള നടപടികളും പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ പാട്ടം പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലെങ്കിൽ കേരള ഭൂമി സംരക്ഷണ നിയമ പ്രകാരം വസ്തുക്കൾ സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

താലൂക്ക് സഭകൾ സജീവമാക്കാനുള്ള നടപടി

113 (1397) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് സഭകൾ സജീവമാക്കാൻ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) താലൂക്കുസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഭ കൂടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടികൾ ആവിഷ്ക്കരിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൊയിലാണ്ടി താലൂക്ക് സഭ എത്ര തവണ ചേർന്നുവെന്ന് പറയുമോ;

(ഡി) എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര അപേക്ഷകൾക്ക് പരിഹാരം കാണുകയുണ്ടായിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) താലൂക്ക് സഭകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്താനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. താലൂക്കുസഭകൾ കൃത്യമായി വിളിച്ചുകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കാലാകാലങ്ങളിൽ നിർദ്ദേശം നൽകുന്നുണ്ട്.

(സി) 12 യോഗങ്ങൾ വിളിച്ചിരുന്നെങ്കിലും 3 യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂ.

(ഡി) 6 അപേക്ഷകൾ ലഭിച്ചു. 6 എണ്ണത്തിലും പരിഹാരം കണ്ടു.

സംസ്ഥാന വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നീ ഓഫീസുകൾ ഇന്റർനെറ്റുമായി ബന്ധപ്പെടുത്തണമെന്ന ആവശ്യം

114(1401) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കാനുള്ള പദ്ധതിയുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹകരണം തേടിയിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും കളക്ടറേറ്റുകളും ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) ബ്ലോക്ക് തലത്തിലും പഞ്ചായത്തു തലത്തിലും ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസുകൾ താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവ ബന്ധിപ്പിക്കുവാനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

"വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ"

115 (1402) ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിന്റെ ഭാഗമായി നിർദ്ദേശിച്ച പ്രവർത്തികൾ ആരംഭിക്കുന്നതിലും പൂർത്തിയാക്കുന്നതിലും കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 ഡിസംബർ 31 വരെ ഓരോ അസംബ്ലി മണ്ഡലത്തിലും വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിന്റെ ഭാഗമായി എന്ത് തുകയുടെ പ്രവർത്തികൾ നൽകി;

(ഡി) ഇനിയും തുടങ്ങാത്തതും പൂർത്തീകരിക്കാത്തതുമായ എത്ര പ്രവർത്തികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിക്കുന്ന പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കാലതാമസം വരുത്താതെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിലേയ്ക്കായി നിർദ്ദേശം നൽകിയിട്ടുള്ളതിനു പുറമെ, 21.12.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ: 515/99 ആർ.ഡി.പ്രകാരം ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ എല്ലാ എം.എൽ.എ.മാരും ഈ സെല്ലിലെ അംഗങ്ങളാണ്. കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി പണികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതും പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പണികൾ അനുവദിക്കുന്നതും തുകകൾ അനുവദിച്ചു നൽകുന്നതും ജില്ലാടിസ്ഥാനത്തിലാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ലയുടെ പേര്	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)

LIBRARY ARCHIVES Kerala Legislative Assembly